(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി4/367/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in


തീയതി:14.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)

വളയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വളയം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള സംസ്ഥാന ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി.പി4/367/2020 തീയതി:14.05.2020

## കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 1.04.2018 മുതൽ 9.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ.എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 18.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവൻ.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രു.നസീർ.ടി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.സുമതി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ മധുമോഹനൻ. കെ | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ വിനോദൻ.കെ.കെ<br>(സെക്രട്ടറി ഇൻ ചാർജ്) | 1.08.2018 മുതൽ 30.08.2018 വരെ<br>16.10.2018 മുതൽ 29.10.2018 വരെ |
| | ഷീബ.ടി.എം | 31.08.2018 മുതൽ 15.10.2018 വരെ |

| | | |
|---|---|---|
| | ശ്രീ ബിനു.ജോസ് | 30.10.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ വിനോദൻ കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. അബ്ദുൾമുനാഫ് ടി.എം | 01.04.2018 മുതൽ 02.07.2018 വരെ |
| | ശ്രീ.അജിത് കുമാർ.വി.സി | 3.07.2018 മുതൽ 12.03.2019 വരെ |
| | പ്രിയ.എസ് | 13.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി നീതു തങ്കം.സി | 01.04.2018 മുതൽ 06.08.2018 വരെ |
| | ശ്രീ.നിഖിൽ.ആർ പിള്ള | 07.08.2018മുതൽ 2.12.2018 വരെ |
| | അനുശ്രീ.സി | 03.12.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി ഗിരീഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്. സി) | ഡോ.ശശീന്ദ്രൻ. കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സ്വപ്ന. സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രഭാകരൻ.കെ | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗീത. എം. | 28.11.2018മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോണി. ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.വിജയൻ. കെ.കെ | 01.08.2018 മുതൽ 31.12.2018 വരെ |
| | ശ്രീ.രാജേഷ്.കെ | 1.01.2019 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അനുപമ സുഗതൻ | 05.12.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ആഭ്യന്തരനിയന്ത്രണം | 1-5 |
| 6 | വാർഷിക കണക്ക് – അപാകതകൾ | 1-6 |
| 7 | വാണിജ്യ കെട്ടിടങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നില്ല. | 1-7 |
| 8 | ചുഴലി ഗവ.എൽ.പി.എസ് ഓപ്പൺ എയർ തിയേറ്റർ നിർമ്മാണം - കരാറുകാരന് അധികതുക നൽകി | 1-8 |
| 9 | പുത്തൻ പുരയിൽ മണലോടി റോഡ് ടാറിംഗ്- റിവൈസ് ഡ് എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടത്തി. | 1-9 |
| 10 | റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ്ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ | 1-10 |
| 11 | ജീവനക്കാർക്ക് യാത്രാ ഡയറിയുടെ അടിസ്ഥാനത്തിലല്ലാതെ യാത്രാബത്ത നൽകുന്നു. | 1-11 |

| | | |
|---|---|---|
| 12 | കൃഷിഭവൻ വാഹനത്തിന് മെയിന്റനെൻസിന് തുക നൽകി | 1-12 |
| 13 | പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി യോഗ ക്ലാസിനു പണം ചിലവഴിച്ചു. | 1-13 |
| 14 | എസ്.എസ്.എ. ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല. | 1-14 |
| 15 | പദ്ധതി ആസൂത്രണം, നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-15 |
| 16 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ | 1-16 |
| 17 | ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം ചെറുകിട – പരമ്പരാഗത മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല. | 1-17 |
| 18 | മുട്ടഗ്രാമം പദ്ധതി - രേഖകൾ മുഴുവൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-18 |
| 19 | കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു. | 1-19 |
| 20 | കൃഷി ഓഫീസിലേക്ക് സാധനങ്ങൾ വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകതകൾ | 1-21 |
| 22 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-22 |
| 23 | തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല. | 1-23 |
| 24 | അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ – ഗാർഹിക കണക്ഷനുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചില്ല. | 1-24 |
| | **ഭാഗം – 2**<br>**വരവ് – വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | | |
|---|---|---|
| | ഇല്ല. | |
| | **ഭാഗം – 3**<br>**ചെലവ് – വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 25 | ചുഴലി ഗവ.എൽ.പി.എസ് ഓപ്പൺ എയർ തിയേറ്റർ നിർമ്മാണം - കരാറുകാരന് അധികതുക നൽകി | 3-1 |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 26 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പാ/വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.3.18 തീയതിയിലെ 31/2019(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 16.2.19 തീയതിയിലെ 22 D തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07. 2019 | 30.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21,41,602 |
| വരവ് | 7,42,38,251 |
| ആകെ | 7,63,79,853 |
| ചെലവ് | 6,79,10,403 |
| നീക്കിയിരിപ്പ് | 84,69,450 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 12681443 | 12681443 | 12681443 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 525352 | 525352 | 525352 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 439915 | 439915 | 439915 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6403077 | 6403077 | 6403077 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 1966537 | 1966537 | 1966537 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5886000 | 5886000 | 5886000 | |
| ദുരിതാശ്വാസനിധി | | 14020 | 500 | 14520 | 0 | 14520 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 47319109 | 47319109 | 47319109 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 845927 | 845927 | 845927 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ശുചിത്വം | 149452 | 1272976 | 1422428 | 909232 | 513196 |
| | ഐ സി ഡി എസ് | 431176 | 338938 | 770114 | 500000 | 270114 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സാക്ഷരത | 1089 | 0 | 1089 | 0 | 1089 |
| | ശുചിത്വം | 0 | 140000 | 140000 | 140000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 453312 | 605000 | 1058312 | 585000 | 473312 |
| | ജില്ലാ പഞ്ചായത്ത് | 850000 | 2344533 | 3194533 | 3089916 | 104617 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5891615 | 7854926 | 13746541 | 621749 | 13124792 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1811080 | 6550322 | 8361402 | 6304063 | 2057339 |
| | ട്രഷറി അക്കൗണ്ട് | 83417 | 7858123 | 7941540 | 7579892 | 361648 |
| മറ്റിനം | | 3758500 | 0 | 3758500 | 749015 | 3009485 |

## 1-5 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ് . 2018-19 കാലയളവിൽ വസ്തു നികുതി പിരിവ് 100 ശതമാനമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

## 1-6 വാർഷികകണക്ക്-അപാകതകൾ

വളയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. MGNREGA (A/C No.1103) മാർച്ച് 2019 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് നൽകിയ 31/3/2018 ലെ 22512 നം. ചെക്ക് പ്രകാരമുള്ള 3250/- രൂപ 31.03.2019 വരെ എൻക്യാഷ് ചെയ്തിട്ടില്ല. ടി തുക ലയബിലിറ്റി ഇൻ റെസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ വന്നിട്ടില്ല.
2. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം. 69 ന്റെ റീകൺസിലിയേഷൻ പ്രകാരം ബാങ്ക് നീക്കിയിരിപ്പ് 206439/- രൂപയാണ്. എന്നാൽ ബാങ്ക് പാസ് ബുക്കിലെ 31/3/2019 ലെ നീക്കിയിരിപ്പ് 2049691.25/- രൂപയാണ്.
3. SAYAM PRABHA HOME എന്ന ബാങ്ക് അക്കൗണ്ട് നം. 7063 ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Ditrectly credited by bank ഇനത്തിൽ 28000/- രൂപയും cheque deposited but not collected ഇനത്തിൽ 28000/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും 28000/- രൂപയാണ്.
4. ട്രഷറി പാസ് ബുക്ക് 14/6 അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly debited by bank 400/- രൂപയും Credited by bank 200/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. 2018 ഏപ്രിൽ മുതലുള്ള റികൺസിലിയേഷനിൽ 400/- രൂപ കാണിച്ചു വരുന്നുണ്ട്.
5. 2018-19 ലെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. ജില്ലാ പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ (B4 Statement) ജോയിന്റ് വെഞ്ച്വർ (A/c No. 1607) അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.
7. കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നിവയുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8. ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10. സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
11. ഡിപ്രിസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനം കണക്കാക്കിയിരിക്കുന്നത്.

12. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ടി.എ. അഡ്വാൻസ് നീക്കിയിരിപ്പായി 4000/- രൂപ കാണുന്നുണ്ട്. എന്നാൽ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 വാണിജ്യ കെട്ടിടങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നില്ല.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ വാണിജ്യപരമായ ആവശ്യങ്ങൾക്കായി നിർമിച്ച് നമ്പർ നൽകിയ 1187 കെട്ടിടങ്ങൾ ഉണ്ടെങ്കിലും 405 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) വളരെ കണിശമായി പ്രതിപാദിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ അനുമതിയില്ലാതെയും അതിന്റെ വ്യവസഥകൾക്ക് വിരുദ്ധമായും അവിടെ യാതൊരു വിധ ഫാക്ടറിയോ വർക്ക് ഷോപ്പോ പണി സ്ഥലമോ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. മതിയായ ലൈസൻസില്ലാതെ പഞ്ചായത്തിൽ വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റിൽ പരാമർശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് പഞ്ചായത്ത് എടുത്ത നടപടികൾ ഓഡിറ്റിനെ അറിയിച്ചിട്ടില്ല. സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ചുഴലി ഗവ.എൽ.പി .എസ് ഓപ്പൺ എയർ തിയേറ്റർ നിർമ്മാണം -കരാറുകാരന് അധികതുക നൽകി

പ്രോജക്ട് നം – 135/18-19 (സ്പിൽ ഓവർ).

അടങ്കൽ – 140503 (മെയിന്റനെൻസ് ഫണ്ട് റോഡിതരം).

ചെലവ് – 128164/- (ബിൽ നം 7/18-8-18)

നിർവ്വഹണം -അസി.എഞ്ചിനീയർ.

ചുഴലി ഗവ.എൽ.പി സ്കൂളിൽ ഓപ്പൺ എയർ തിയേറ്റർ നിർമ്മിക്കുന്നതിനായി 2017-18 വർഷത്തിൽ 834435 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തി ടെണ്ടറിൽ 11.32% കുറവ് നിരക്ക് ക്വാട്ട്ചെയ്ത ശ്രീ എം.ടി ബാലൻ എന്നകരാറുകാരന് ഏൽപ്പിച്ചുനൽകിയിട്ടുമുണ്ട് (9-01-2017 ലെ എഇ/എൽ എസ് ജിഡി /വി എൽ എം/29 ).പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ എം.ബുക്ക് നം 106/16-17 പേജ് 35,36 പ്രകാരം പ്രവൃത്തിക്ക് സി.സി ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 574308 രൂപയുടെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തിയതിൽ നിന്നും ടെണ്ടർ കുറവായി 63174 രൂപ കുറച്ച് 511134 ബിൽ തയ്യാറാക്കുകയും വാറ്റ് -20446, ഐ.ടി-5112, KCWWF എഫ്-5112, റിട്ടൻഷൻ-12779 എന്നിവ കിഴിച്ച് 467685- കരാറുകാരന് നൽകിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി തുടർന്ന് 19-4-2017 ന് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരമുള്ള കർട്ടൻ സ്ഥാപിക്കുന്നത് ഒഴികെയുള്ള പ്രവൃത്തിക്കായി ആകെ 702472 രൂപയുടെ പ്രവൃത്തിമൂല്ല്യം കണക്കാക്കിയതിൽ പാർട്ട് ബില്ലായി നൽകിയ 574308 രൂപ കുറച്ച് 128164 /- രൂപയുടെ ബിൽ തയ്യാറാക്കി. അംഗീകൃത കുറവുകളായ 1% ഐടി -1282 , 1% KCWWF -1282 എന്നിവകുറച്ച് 125600 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്ല്യം 702472 രൂപയാണെന്നിരിക്കെ ആയതിൽ നിന്നും 11.32 % ടെണ്ടർകുറവായ 79520 കുറച്ച തുകയേ കരാറുകാരന് നൽകേണ്ടിയിരുന്നുള്ളൂ. എന്നാൽ പാർട്ട് ബില്ലിൽ നിന്നും മാത്രമേ ടെണ്ടർകുറവായി 63174 രൂപ കുറവ് ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന തുകയായ 16346 രൂപ കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-9 പുത്തൻ പുരയിൽ മണലോടി റോഡ് ടാറിംഗ്- റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടത്തി.

പ്രോജക്ട്- 38/18-19

അടങ്കൽ-350000

ചെലവ് -349633/- ബിൽ നം- 30-16-2-19.

പുത്തൻ പുരയിൽ മണലോടി റോഡ് 139 മീറ്റർ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിമാറ്റുന്നതിനാണ് 350000 രൂപ യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ എംബുക്ക് നം-158/17-18 പ്രകാരം 349633 രൂപ പ്രവൃത്തിമൂല്ല്യം കണക്കാക്കിയതിൽ എക്സ്ട്രാ ഐറ്റം 1ആയി 3.14 construction of subgrade and earthern shoulders with approved materials obtained from borrow pit with all lead 60.78എം3 X434.52 = 26410 രൂപയുടെയും, എക്സ്ട്രാ ഐറ്റം 2 ആയി 4.11.2 Granular subbas/base surface course with local material by mix in place method normal 32.551 എം3 X2156.81 =70206 രൂപയുടെയും പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഇതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറക്കി അംഗീകാരം വാങ്ങിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള ഐറ്റം നം 1 ആയ ഫില്ലിംഗ് വിത്ത് ക്വാറിമക്ക് (37.5എം3X892.25=33459 രൂപ),ഐറ്റം നം-2 ആയ കോംപാക്ടിംഗ് ഒറിജിനൽ ഗ്രൗണ്ട് (40.5 എം3X11.56= 468.18രൂപ) എന്നിവ ഒഴിവാക്കിയാണ് മേൽ പ്രവൃത്തികൾ നിർവ്വഹിച്ചത്. റോഡ് പ്രവൃത്തിയിൽ മേൽ ഇനങ്ങൾ ഒഴിവാക്കി എക്സ്ട്രാ ഇനങ്ങൾ ചെയ്യാനുള്ള സാഹചര്യവും ആവശ്യകതയും വിശദീകരിച്ചിട്ടില്ല. ആയതുകാരണം 135 മീറ്റർ നീളത്തിൽ റോഡ് ടാർ ചെയ്യൽ പ്രവൃത്തിക്ക് പകരം 108 പ്രവൃത്തിമാത്രമാണ് നിർവ്വഹിക്കാൻ കഴിഞ്ഞത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-10 റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ് ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന വെബ് സൈറ്റ് മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി

തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന വെബ് സൈറ്റ് മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 1.3കോടി രൂപ

വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 ജീവനക്കാർക്ക് യാത്രാ ഡയറിയുടെ അടിസ്ഥാനത്തിലല്ലാതെ യാത്രാബത്ത നൽകുന്നു.

ഓഡിറ്റ് വർഷം ജീവനക്കാർ നടത്തിയ ഔദ്യോഗികയാത്രകൾക്ക് വൗച്ചർ നം-21800811/2-3-19 പ്രകാരം 74427/- രൂപ യാത്രാബത്തയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകൾ പരിശോധിച്ചതിൽ ജീവനക്കാരാരും തന്നെ യാത്ര നടത്തിയത് സംബന്ധിച്ച യാത്രാ ഡയറി സമർപ്പിച്ചതായി കാണുന്നില്ല. നിലവിൽ ഓഫീസിലെ ജീവനക്കാരുടെ മൂവ്മെന്റ് രജിസ്റ്റർ പ്രകാരം ബിൽ തയ്യാറാക്കി ആയത് ഭരണസമിതി അംഗീകാരത്തോടെയാണ് യാത്രാബത്ത അനുവദിച്ചിരിക്കുന്നത്. മൂവ്മെന്റ് രജിസ്റ്റർ യാത്രാബത്ത ബിൽ തയ്യാറാക്കുന്നതിനുള്ള രേഖയല്ല. മാത്രമല്ല മൂവ്മെന്റ് രജിസ്റ്റർ മേലുദ്യോഗസ്ഥരോ സെക്രട്ടറിയോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധിക്കുന്നില്ല. ജീവനക്കാരർ യാത്ര ചെയ്യത് ഏതുതരം വാഹനത്തിലാണെന്ന വിവരം (ട്രെയിൻ, ബസ്, പഞ്ചായത്ത് വാഹനം ) മൂവ്മെന്റ് രജിസ്റ്ററിൽ നിന്ന് ലഭിക്കില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാഡയറി സമർപ്പിക്കേണ്ടതാണ്. ഒരു വർഷത്തിനകം ക്ലെയിം ചെയ്യാത്ത ജീവനക്കാർക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-12 കൃഷിഭവൻ വാഹനത്തിന് മെയിന്റനെൻസിന് തുക നൽകി

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വരുന്ന ചെലവുകൾ പദ്ധതി ആസൂത്രണ/മോണിറ്ററിഗ് ചെലവുകളിൽപ്പെടുത്താവുന്നതാണ്. എന്നാൽ വളയം കൃഷിഭവന്റ ടൂവീലർ വാഹനം അറ്റകുറ്റ പണി നടത്തിയ ചെലവിനത്തിൽ കൃഷി ഓഫീസർക്ക് ഹാജരാക്കിയ ബിൽ പ്രകാരം 1950/- രൂപ സെക്രട്ടറി തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നം-21800898/18-03-19). കൃഷിഭവനുകളുടെ പ്രവർത്തനത്തിന് ഡിപ്പാർട്ട്മെന്റ് അനുവദിച്ചിട്ടുള്ള വാഹനത്തിന്റ ഇന്ധന ചെലവുകളും, വാഹന മെയിന്റനെൻസ് ചെലവുകളും കൃഷി ഡിപ്പാർട്ട്മെന്റാണ് നിർവ്വഹിക്കേണ്ടത്. ആയത് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-13 പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി യോഗ ക്ലാസിനു

പണം ചിലവഴിച്ചു.

**S0097 പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വയോജനങ്ങളുടെ ജീവിത ശൈലീരോഗങ്ങൾ ചെറുക്കുന്നതിന് യോഗ പരിശീലനം നൽകിയിരുന്നു. ഗ്രാമസഭകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 20 സ്ത്രീകൾക്കും 30 പുരുഷന്മാർക്കും ഒരു ദിവസം രണ്ടു മണിക്കൂർ എന്ന രീതിയിൽ ഒരു ബാച്ചിന് 60 ദിവസങ്ങളിലായി പരിശീലനം നൽകുന്നതിനായിരുന്നു പ്രോജക്റ്റ്. പരിശീലകന് ഒരു ദിവസം 400 രൂപ നിരക്കിലായിരുന്നു വേതനം നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി ചിലവ് പരിശോധിച്ചതിൽ ജനുവരി മാസം യോഗ പരിശീലകൻ 24000 രൂപ കൈപ്പറ്റിയതായി കാണുന്നു. പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000/-രൂപ മാത്രമാണ് അനുവദിക്കാവുന്നത്. കൂടാതെ യോഗ ക്ലാസിൽ പങ്കെടുത്തവരുടെ പങ്കാളിത്തം സംബന്ധിച്ചും ക്ലാസുകൾ നടന്ന തിയ്യതികൾ സംബന്ധിച്ചും യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.**

## 1-14 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 83/19 |
| അടങ്കൽ | 500000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 500000/- |
| ബിൽ നം. തി. | 1/19/22.9.2018 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി. ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7.6 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്റ്റുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്റ്റുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/18-19) മറുപടി നൽകിയിട്ടില്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായി കാണുന്നില്ല.

എസ്.എസ്.എ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പദ്ധതി ആസൂത്രണം, നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ യാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു.

2. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടു ത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന് വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്.

3. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി

കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക ക്രോഡീകരിക്കുക അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്റ്റുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

4. <u>നിർവ്വഹണം സമയബന്ധിതമായി നടക്കുന്നില്ല</u>

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. തുടർന്ന് എല്ലാ പ്രൊജക്റ്റുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടന്നതായി കാണുന്നില്ല.

5. <u>മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല</u>

പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണസമിതിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

6. <u>സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച</u>

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധകമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും, പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളോ, പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്. ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമായി മുന്നോട്ട് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/18-19/18.3.20) മറുപടി നൽകിയിട്ടില്ല. ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-16 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 9/19 |
| അടങ്കൽ | 200000 |
| ഫണ്ട് | ഇ.എഫ്.സി, തനത് |
| ചെലവ് | 195800/- |
| ബിൽ നം. തി. | 43/2018-19/25.2.19 |

പദ്ധതിയിൽ 44 എൽ.ഇ.ഡി ബൾബുകൾ (45 watt. l.e.d) വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഒവോണിക് ന്യൂമാഹി കണ്ണൂർ എന്ന സ്ഥാപനമാണ് ഇത് ടെണ്ടർ എടുത്തത്. പദ്ധതി പൂർത്തീകരിച്ച് സ്ഥാപനം 18.02.2019 ന് ഇൻവോയ്സ് നം.31 പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക അനുവദിച്ചത്. അപേക്ഷയിൽ 44 ബൾബുകൾ സ്ഥാപിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഡ് മെമ്പർമാർ അവരുടെ ലെറ്റർപാഡിൽ ഓരോ വാർഡിലും സ്ഥാപിച്ച ബൾബുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇത് പ്രകാരം ആകെ 22 ബൾബുകൾ മാത്രമേ സ്ഥാപിച്ചതായി കാണുന്നുള്ളൂ. തെരുവ് വിളക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ, പഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/18-19) മറുപടി നൽകിയിട്ടില്ല. അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 1,95,800/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം ചെറുകിട - പരമ്പരാഗത മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല.

ഓഡിറ്റ് വർഷം വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി വിഭാവനം ചെയ്ത ചെറുകിട - പരമ്പരാഗത മേഖലയിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പായില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്.നം | പദ്ധതിയുടെ പേര് | നിർവ്വഹണം | അടങ്കൽ |
|---|---|---|---|---|
| 1 | 32/19 | മഞ്ചാന്തറ എസ്.സി. വ്യവസായ കേന്ദ്രത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റ് | വി.ഇ.ഒ | 235300 |

| | | | | |
|---|---|---|---|---|
| 2 | 71/19 | ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റ് | ടി | 294200 |
| 3 | 81/19 | ഭിന്ന ശേഷിക്കാർക്ക് പെട്ടിക്കട | ടി | 210000 |
| 4 | 84/19 | വനിതാ ബാന്റ് സെറ്റ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 133500 |
| 5 | 89/19 | കുടുംബശ്രീ ഹെൽപ്ഡെസ്ക്, ഐ.ടി, ഫോട്ടോസ്റ്റാറ്റ്, | ടി | 235300 |

ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച മേൽ പദ്ധതികൾ നടപ്പാക്കാതെ തുക ലാപ്സായി. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഈ പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഈ ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-18 മുട്ടഗ്രാമം പദ്ധതി - രേഖകൾ മുഴുവൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 200 ഗുണഭോക്താക്കൾക്ക് 25 വീതം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 116/ 19 |
| അടങ്കൽ | 500000 |
| ഫണ്ട് | വികസന ഫണ്ട്, തനത്.ഗു.വിഹിതം |
| ചെലവ് | 500000/- |
| ബിൽ നം. തി. | 8/18-19 /30.11.2018 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ മുഴുവൻ ബില്ലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇവയെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതികൾ, ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ. വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/18-19) മറുപടി നൽകിയിട്ടില്ല. അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സിന് ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| എസ്.സി.എ.ഫണ്ട് | 95,466 |
| ആശ്രയ വീട് | 1,23,965 |
| കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. | 8,63,580 |

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ കാലങ്ങളിൽ നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, ആശ്രയ പദ്ധതി ഗുണഭോക്താക്കളുടെ പുനരധിവാസം, ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നിവയാണ് പ്രധാനമായും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത്. വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സർക്കാർ നൽകിയ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/18-19) മറുപടി നൽകിയിട്ടില്ല. ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

## 1-20 കൃഷി ഓഫീസിലേക്ക് സാധനങ്ങൾ വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 30/19 |
| അടങ്കൽ | 50000 |
| ഫണ്ട് | എം.ജി.(എൻ.ആർ) |
| ചെലവ് | 49600/- |
| ബിൽ നം. തി. | 2/19/25.1.2019 |

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങുന്നതിനാണ് ഈ പദ്ധതി

നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച പ്രൊക്യുയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ഒരു ലക്ഷത്തിൽ കുറവുള്ള വാങ്ങലുകളിൽ ലിമിറ്റഡ് ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. എന്നാൽ ഈ രീതി സ്വീകരിക്കാതെ സാധാരണ ക്വട്ടേഷൻ ക്ഷണിച്ചാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.
2. സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് പ്രൊക്യുയർമെന്റ് കമ്മിറ്റിയിൽ ചർച്ച നടന്നതായോ, തീരുമാനം എടുത്തതായോ കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18-19) മറുപടി നൽകിയിട്ടില്ല. പദ്ധതിയെപ്പറ്റി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

# 1-21 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നം. | 88/ 19 |
| അടങ്കൽ | 140000 |
| ഫണ്ട് | വികസന ഫണ്ട്, ഗ്ര.വിഹിതം |
| ചെലവ് | 57260 |
| ബിൽ നം. തി. | 13/18-19 /5.02.2019 |

സ.ഉ. (കൈ) നം.22/2018/ തസ്വഭവ. തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 6.2.15 ൽ കറവയുള്ള ഒരു പശുവിന് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ വിതരണം ചെയ്യാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ക്ഷീര സഹകരണ സംഘം വഴി നടപ്പാക്കിയതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ, ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെയും ചെലവഴിച്ചതിന്റെയും രേഖകർ, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/18-19) മറുപടി നൽകിയിട്ടില്ല. അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 57,260/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 3/19 |
| അടങ്കൽ | 500000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 375768/- |
| ബിൽനം /തിയ്യതി | 5/19/14.09.18 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോയോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും,വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട്കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാ മാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക) എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി

എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഇല്ല. സ്വകാര്യ വാഹനം വാടകയ്ക്ക് എടുക്കുകയാണ് ചെയ്യുന്നത് എന്നാൽ വാഹനം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ദിവസത്തേക്ക് നാൽപ്പത് കിലോമീറ്റർ ഓടുന്നതിനുള്ള ചാർജാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല ഒരു കിലോമീറ്റർ ഓടുന്നതിനുള്ള ചാർജാണ് ക്വാട്ട് ചെയ്യേണ്ടത്.

2. കുടുംബ സംഗമംനടത്തിയില്ല

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്.സംഗമം ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ വർഷങ്ങളായി ഇങ്ങനെയുള്ള കുടുംബ സംഗമം സംഘടിപ്പിച്ചിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/18-19) മറുപടി നൽകിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 94/19 |
| അടങ്കൽ | 50000 |
| ഫണ്ട് | വികസന ഫണ്ട്. |
| ചെലവ് | 35550/- |
| ബിൽനം. തി. | 2/19 /13.12.2018 |

ഗ്രാമപഞ്ചായത്തിലെ 10-ാം തുല്യതാ പഠിതാക്കളായ 15 ഗുണഭോക്താക്കളുടെയും, പ്ലസ് ടു

പഠിതാക്കളായ അഞ്ച് പേരുടേയും, കോഴ്സ് ഫീ ജില്ലാ സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണെന്നിരിക്കേ, ഗ്രാമസഭകളറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല. ആസൂത്രണ പ്രക്രിയയിൽ ഓരോ കമ്മിറ്റികൾക്കുമുള്ള ഉത്തരവാദിത്തങ്ങൾ അവ നിർവ്വഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും, ഭരണ സമിതിയും പരിശോധിച്ച് ഉറപ്പുവരുത്താത്തത് കൊണ്ടാണ് ഇത്തരം അപാകതകൾ ആവർത്തിക്കുന്നത്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18-19) മറുപടി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ചതിനാൽ ചെലവ് തുക 35550/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-24 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ – ഗാർഹിക കണക്ഷനുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചില്ല.

2015-16 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഗ്യസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയത്. പുഷ്പ ഗ്യസ് ഏജൻസി ആവോലം മുഖേന വാണിജ്യാവശ്യങ്ങൾക്ക് നൽകുന്ന കണക്ഷനാണ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 19 അങ്കണവാടികളിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ അങ്കണവാടികളിൽ ഗ്യസ് റീഫിൽ ചെയ്യുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2018–19 വർഷത്തിൽ ഗ്യാസ് റീഫിൽ ചെയ്യുന്നതിനായി 39779/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്യസ് കണക്ഷനുകൾ ഗാർഹിക കണക്ഷനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/18-19) മറുപടി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. ഗ്യാസ് കണക്ഷൻ ഗാർഹിക കണക്ഷൻ വിഭാഗത്തിലേക്ക് മാറ്റാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചുഴലി ഗവ.എൽ.പി .എസ് ഓപ്പൺ എയർ തിയേറ്റർ നിർമ്മാണം -കരാറുകാരന് അധികതുക നൽകി

പ്രോജക്റ്റ് നം – 135/18-19 (സ്പിൽ ഓവർ).

അടങ്കൽ – 140503 (മെയിന്റനെൻസ് ഫണ്ട് റോഡിതരം).

ചെലവ് – 128164/- (ബിൽ നം 7/18-8-18)

നിർവ്വഹണം -അസി.എഞ്ചിനീയർ.

ചുഴലി ഗവ.എൽ.പി സ്കൂളിൽ ഓപ്പൺ എയർ തിയേറ്റർ നിർമ്മിക്കുന്നതിനായി 2017-18 വർഷത്തിൽ 834435 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തി ടെണ്ടറിൽ 11.32% കുറവ് നിരക്ക് ക്വാട്ട്ചെയ്ത ശ്രീ എം.ടി ബാലൻ എന്നകരാറുകാരന് ഏൽപ്പിച്ചുനൽകിയിട്ടുമുണ്ട് (9-01-2017 ലെ എഇ/എൽ എസ് ജിഡി /വി എൽ എം/29 ).പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ എം.ബുക്ക് നം 106/16-17 പേജ് 35,36 പ്രകാരം പ്രവൃത്തിക്ക് സി.സി ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 574308 രൂപയുടെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തിയതിൽ നിന്നും ടെണ്ടർ കുറവായി 63174 രൂപ കുറച്ച് 511134 ബിൽ തയ്യാറാക്കുകയും വാറ്റ് -20446, ഐ.ടി-5112, KCWWF എഫ്-5112, റിട്ടൻഷൻ-12779 എന്നിവ കിഴിച്ച് 467685- കരാറുകാരന് നൽകിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി തുടർന്ന് 19-4-2017 ന് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള കർട്ടൻ സ്ഥാപിക്കുന്നത് ഒഴികെയുള്ള പ്രവൃത്തിക്കായി ആകെ 702472 രൂപയുടെ പ്രവൃത്തിമൂല്ല്യം കണക്കാക്കിയതിൽ പാർട്ട് ബില്ലായി നൽകിയ 574308 രൂപ കുറച്ച് 128164 /- രൂപയുടെ ബിൽ തയ്യാറാക്കി. അംഗീകൃത കുറവുകളായ 1% ഐടി -1282 , 1% KCWWF -1282 എന്നിവകുറച്ച് 125600 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്ല്യം 702472 രൂപയാണെന്നിരിക്കെ ആയതിൽ നിന്നും 11.32 % ടെണ്ടർകുറവായ 79520 കുറച്ച തുകയേ കരാറുകാരന് നൽകേണ്ടിയിരുന്നുള്ളൂ. എന്നാൽ പാർട്ട് ബില്ലിൽ നിന്നും മാത്രമേ ടെണ്ടർകുറവായി 63174 രൂപ കുറവ് ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന തുകയായ 16346 രൂപ കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ<br><br>പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി |
|---|---|---|
| 2018-19 | 5.08.2019,6.08.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ.2/ 887/2019(67) തീയതി.9.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ളുണേരി | 2018-19 | 180000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 180000 | |
| ബ്ലോക്ക് പഞ്ചായത്ത് ളുണേരി | 2018-19 | 300000 | ലൈഫ് ഭവനപദ്ധതി | 280000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് ളുണേരി | 2018-19 | 125000 | സിഡബ്ള്യൂഎസ് എൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | മുട്ട ഗ്രാമം | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1963632 | ലൈഫ് ഭവനപദ്ധതി | 1960000 | 3632 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 255901 | സിഡബ്ള്യൂഎസ് എൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 255901 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1500000 | മാഞ്ചാന്തറ വയോജന പാർക്ക് | 0 | 1500000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പാ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ | | 17515190 | | -- | --- | 17515190 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

<u>**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ നാദാപുരം | 03.03.1997 | | 25000 | ഷെയർ സർട്ടിഫിക്കറ്റ് നം-311 |

| | | |
|---|---|---|
| ആകെ | 25000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 3-3 | 500 | വി.പി.ബാബു<br>പി.ഡബ്ല്യു.ഡി<br>കോൺട്രാക്ടർ | 118010100057/<br>07.04.18 |
| 2015-16 | 2-2 | 2500 | ഡൊമനിക്ക്<br>പി.ഡബ്ല്യു.ഡി<br>കോൺട്രാക്ടർ | 118020900003/<br>06.07.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11.13.1.1.107 | നോട്ടുബുക്ക് നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തനം<br>ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11.13.5.112 | മൈത്രി ഭവന പദ്ധതി പുരോഗതി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| 1999-00 | | 2003-04 | 11.14.117 | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 8 | 2004-05 | 11.1.5.7.119 | നേന്ത്രവാഴ സംഘകൃഷി |
| 2001-02 | 12 | 2004-05 | 2.1 | തുടർ പ്രവർത്തനമില്ല |
| വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ | | 2011-12 | 11.1.5.7.119 | പമ്പ് ഹൌസ് നിർമ്മാണം സ്തംഭനത്തിൽ |
| | | 2011-12 | 3.1.19.10.11 | ഇട വിള കൃഷി തുക ചെലവഴിച്ചില്ല. |
| | | 2011-12 | 3.1.12.65 | തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല. |
| | | 2011-12 | 3.1.12.67 | സമഗ്ര ഇ-കൃഷി ലക്ഷ്യം നേടിയില്ല. |
| | | 2013-14 (അവലോകനം) | 6.3.1.187 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി |
| | | 2013-14 (അവലോകലം) | 6.3.1.187 | പ്രോക്യൂർമെന്റ് സൈക്കിൾ |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4/88 | തൊഴിൽ നികുതി അപാകതകൾ |

| | | | | |
|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5/212 | തൊഴിൽ നികുതി അപാകതകൾ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,42,38,251 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,79,10,403 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,346 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,88,610 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും

തുകയാണ്.)

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16346 | ശ്രീ.അജിത് കുമാർ.വി.സി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 195800 | ശ്രീ ബിനു.ജോസ്<br>സെക്രട്ടറി. |
| 1-18 | 500000 | ഗിരീഷ്കുമാർ<br>വെറ്റിനറി സർജൻ |
| 1-21 | 57260 | ഗിരീഷ്കുമാർ<br>വെറ്റിനറി സർജൻ |
| 1-23 | 35,550 | കെ.പ്രഭാകരൻ<br>ഹെഡ്മാസ്റ്റർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജിത് കുമാർ.വി.സി<br>അസിസ്റ്റന്റ് എഞ്ചിനീയർ | | സോപാനം<br>വെസ്റ്റ്ഹിൽ |

| | | |
|---|---|---|
| | | കോഴിക്കോട് – 673005 |
| ശ്രീ ബിനു.ജോസ്<br>സെക്രട്ടറി. | സെക്രട്ടറി<br>വാണിമേൽ പഞ്ചായത്ത് | താന്നിയാനിക്കൽ<br>കൂരാച്ചുണ്ട് പി.ഒ<br>കോഴിക്കോട് – 673527 |
| ഗിരീഷ്കുമാർ<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>വളയംഗ്രാമപഞ്ചായത്ത് | വരദ,<br>കൊളരാട് സ്ട്രീറ്റ്<br>ചോമ്പാല (പി.ഒ)<br>673308 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.എസ്.1/823/07/5.10.07 | 3 | 8,9,17 |
| 2003-04 | എൽ.എഫ്.എസ്.1/1396/07/5.10.07 | 6 | 2-3, 2-4, 3-4, 3-5, 3-7, 3-10 |
| 2004-05 | എൽ.എഫ്.പി 5/1349/09/12.1.10 | 1 | 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്/805 / 08/2.12.08 | 5 | 2-7,3-2,3-10, 3-13,3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/321/ 10/3.2.10 | 3 | 2-1,2-7(1-4),3-8 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/ 10/26.04.11 | 3 | 3-10(2),3-11,3-14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/ 10/26.04.11 | 2 | 3-4,3-3(1) |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി11/72/ 13/4.2.13 | 17 | 3-1,3-2,3-3, 3-4, 3-5,3-6,3-7,3-8, 3-9,3-10,3-11, 3-12, 3-13, 3-14, 3-15,3-16,3-17 |
| 2011-12 & 12-13 | എൽ.എഫ്.കെ.കെ.ഡി.പി11/1875/ 13/9.01.14 | 10 | 3-1,3-2,3-3,3-4, 3-5,3-7,3-8, 3-9,3-10,4-4 |
| 2013-14 &2014-15 | കെ.എസ്.എകെ.കെ..ഡി.പി11/28/ 16/25.03.17 | 28 | 2-12-3,2-4(1,3), 2-4(2), 2-4(4), 3-1(1-2), 3-3, 3-5, 3-6, 3-7, 3-8, 3-9, 3-11 മുതൽ 3-15 വരെ,3-17,3-18, 3-20 മുതൽ 3-27 വരെ, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി11/2196/ 16/03.11.2017 | 17 | 2-2,2-3,3-3, 3-4, 3-5,3-6,3-7, 3-8,3-9,3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-19 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി11/1399/ 17/08.12.17 | 12 | 2-4,2-5,3-1,3-2, 3-3(1,3), 3-4 മുതൽ 3-10 വരെ |

| | | | |
|---|---|---|---|
| | | | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി11/2496/18/ 26.12.2018 | 13 | 2-2(11), 2-2(2), 2-2(3), 2-4, 2-5, 2-6, 3-1(1), 3-1(12), 3-1(3), 3-2, 3-3, 3-4, 3-6 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി.പി4/367/2020 തീയതി:14.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വളയം ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ

പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**